പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5637 | 02.07.2014- ൽ മറുപടിക്ക് |
|---|---|

**പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനികളുടെ അളവ് പരിശോധിക്കുന്നതിനുള്ള സംവിധാനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് എത്തുന്ന പച്ചക്കറികളിൽ കീടനാശിനികളുടെ അളവ് ക്രമാതീതമായി ഉയർന്നിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനികളുടെ അളവ് പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം എന്തെന്ന് വ്യക്തമാക്കാമോ; | ബി) | ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബിൽ പരിശോധിക്കാറുണ്ട് കൂടാതെ കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന റെസിഡ്യു ടെസ്റ്റിംഗ് ലാബിന്റെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്. |
| സി) | ഇത്തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുണ്ടെങ്കിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സി) | ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ഡി) | ഇത്തരം കുറ്റകൃത്യങ്ങൾക്കുള്ള പരമാവധി ശിക്ഷ എന്താണെന്ന് വ്യക്തമാക്കുമോ? | ഡി) | 6 മാസം മുതൽ 7 വർഷം വരെ തടവും 1 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപവരെ പിഴയും ലഭിക്കാവുന്ന കുറ്റമാണ്. |

**സെക്ഷൻ ഓഫീസർ**